**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **12-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണ മേഖലയിൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഭവന നിർമ്മാണ മേഖലയിൽ പ്രാഥമിക ഭവന നിർമ്മാണ വായ്പാ സഹകരണ സംഘങ്ങളും അപെക്സ് സ്ഥാപനമായ സഹകരണ ഹൗസിംഗ്ഫെഡറേഷനും പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുത സംഘങ്ങൾക്ക് ഓഹരി ഇനത്തിൽ സർക്കാർ ധനസഹായം അനുവദികുന്നുണ്ട്. വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ധനസഹായമായി സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം സംഘങ്ങൾക്ക് അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചുനൽകുന്ന കെയർഹോം പദ്ധതി പ്രത്യേക പദ്ധതിയായി ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 14 വീടുകൾ |
| (സി) | മണ്ഡലത്തിൽ ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | അനുമതി ലഭിച്ച 14 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | പൂർത്തീകരിക്കാത്ത വീടുകൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | അനുമതി ലഭിച്ച 14 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ